മേൽനോട്ടത്തിൽ ചർച്ചകൾ പുരോഗമിച്ചുവരുന്നു. ആയത് ഫലപ്രദമാകുന്ന മുറയ്ക്ക് ആവശ്യമായ തോതിൽ മരുന്ന് ലഭ്യമാക്കി നീതി മെഡിക്കൽ സ്റ്റോറുകൾ നല്ല രീതിയിൽ പ്രവർത്തിപ്പിക്കാൻ കഴിയും.

സഹകരണ ബാങ്കുകളിലെ കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ തിരിച്ചു നൽകാൻ നടപടി

161 [3687] *ശ്രീ. എൻ. ഡി. അപ്പച്ചൻ*:
„ *ജോർജ് ജെ. മാത്യു*:
„ *ടി. യു. രാധാകൃഷ്ണൻ*:
„ *ലൂഡി ലൂയിസ്* :
„ *സി. പി. മുഹമ്മദ്* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം സ്ഥാപനത്തിൽ നിന്നും വ്യക്തികളിൽനിന്നും റബ്കോ പണം ഡിപ്പോസിറ്റായി സ്വീകരിച്ചിട്ടുണ്ട്; എത്ര രൂപ വീതം എന്ന് വ്യക്തമാക്കാമോ;

(ബി) ഇതുവരെ എത്ര തുക ഡെപ്പോസിറ്റായി സ്വീകരിച്ചിട്ടുണ്ട്;

(സി) ഡിപ്പോസിറ്റ് കാലാവധി കഴിഞ്ഞിട്ടും ഡിപ്പോസിറ്റ് തിരിച്ചു നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതേപ്പറ്റി അന്വേഷിക്കുമോ; കാലാവധി കഴിഞ്ഞിട്ടും ഡിപ്പോസിറ്റ് തുക മടക്കി നൽകാത്തപക്ഷം എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഇ) ഡിപ്പോസിറ്റ് തിരിച്ചു നൽകാൻ ഇനിയെങ്കിലും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) റബ്കോ സഹകരണ സ്ഥാപനങ്ങളിൽ നിന്നു മാത്രമാണ് പണം ഡെപ്പോസിറ്റായി സ്വീകരിച്ചിട്ടുള്ളത്. കണക്കുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) 31-10-2004 വരെ ആകെ 98,51,00,578 രൂപ ഡെപ്പോസിറ്റായി സ്വീകരിച്ചിട്ടുണ്ട്.

(സി) & (ഡി) കാലാവധി കഴിഞ്ഞിട്ടും ഡിപ്പോസിറ്റ് തുക തിരിച്ചു നൽകിയിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡിപ്പോസിറ്റ് തുക മടക്കി നൽകുന്നതിനുള്ള നിർദ്ദേശം റബ്കോയ്ക്ക് നൽകിയിട്ടുണ്ട്.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്.

† അനുബന്ധം

LIBRARY ARCHIVES Kerala Legislative Assembly